(ബി) ടി തുകയിൽ തന്നാണ്ടു് ചെലവായ തുക എത്ര; ലാപ്സായ തുക എത്ര;

(സി) ഏതെല്ലാംപ്രകാരമുള്ള സൗജന്യമാണു് ടി വിഭാഗത്തിനു് നൽകിയിരുന്നതു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പട്ടികജാതി വിദ്യാർത്ഥികളുടെയും മറ്റു പിന്നാക്കസമുദായ വിദ്യാർത്ഥികളുടെയും ഫീസ്സൗജന്യത്തുകയും മറ്റുമായി ഒന്നിച്ചാണു് ബഡ്ജറ്റിൽ സംഖ്യ കൊള്ളിക്കുന്നതു്. ടിയിനത്തിൽ 1953-54-ൽ 9,63,920 രൂപയും അവശക്രിസ്ത്യാനി വിദ്യാർത്ഥികൾക്കു് 80,000 രൂപയും അനുവദിച്ചിരുന്നു.

(ബി) തന്നാണ്ടിൽ മറ്റുപിന്നാക്കസമുദായ വിദ്യാർത്ഥികൾക്കായി ഉദ്ദേശം 1,28,000 രൂപയും അവശക്രിസ്ത്യാനി വിദ്യാർത്ഥികൾക്കായി 53,311 രൂപയും ചെലവായിട്ടുണ്ടു്. ലാപ്സ്സായിട്ടില്ല.

(സി) നിർദ്ധനസർട്ടിഫിക്കറ്റു് ഹാജരാക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും മുഴുവൻ ഫീസ് സൗജന്യം നൽകിവരുന്നു.

പ്രൈമറിസ്കൂൾ ജീവനക്കാരുടെ ശമ്പളം.

* 909. [49] ശ്രീ. പി. ടി. ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പ്രൈമറിസെക്കൻഡറി സ്കൂളുകളിൽ ക്ലാർക്കു്, ശിപായി, മാസ്റ്റർ എന്നിവർക്കു് ശമ്പളം ശരിയായി കിട്ടുന്നുണ്ടോ;

(ബി) ഈ സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളക്കാര്യത്തിൽ ചെയ്തിട്ടുള്ള വ്യവസ്ഥകളെങ്കിലും ഈ വിഭാഗത്തിനു് ചെയ്തുകൊടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അറിവില്ല. ആഫീസ് സ്റ്റാഫിന്റെ ശമ്പളം മാനേജർമാർ പക്കൽ വകനിറുത്തിയിട്ടുള്ള ഫീസ് പിരിവിന്റെ 20 %-ൽ നിന്നും കൊടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

(ബി) പ്രൈവറ്റു സെക്കൻഡറി സ്കൂളുകളുടെ ഉടമസ്ഥാവകാശവും, ഭരണവും അതാതു മാനേജ്മെൻറുകളിലാണു് സ്ഥിതിചെയ്യുന്നതു്. സ്കൂൾഭരണത്തിനുവേണ്ട ആഫീസ് സ്റ്റാഫിന്റെ കാര്യത്തിൽ ഗവണ്മെൻറു് ഇടപെടുവാൻ ഉദ്ദേശിക്കുന്നില്ല.

ട്രേഡ്യൂണിയൻ രജിസ്ട്രേഷൻ.

* 910. [52] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തിൽ പുതുതായി രജിസ്റ്റർ ചെയ്തിട്ടുള്ള ട്രേഡ് യൂണിയനുകൾ ഏതു്;

(ബി) ഈ വർഷത്തിൽ നിലവിലിരുന്ന ഏതു യൂണിയനുകളുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യപ്പെട്ടിട്ടുണ്ടു്;

(സി) രജിസ്ട്രേഷൻ ക്യാൻസൽചെയ്യാനുള്ള കാരണമെന്തു്?

LIBRARY ARCHIVES Kerala Legislative Assembly